Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

# STATE POLICE MEDIA CENTRE

KERALA POLICE

No.206/PR/SPMC/PHQ/2025 Date: 29.07.2025

## സന്നദ്ധരക്തദാനം പ്രോത്സാഹിപ്പിക്കാൻ ഹീമോപോൾ - 2025

സന്നദ്ധ രക്തദാനം പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യകാർക്കു യഥാസമയം രക്തം ലഭ്യമാക്കുന്നതിനുമുള്ള കേരള പോലീസിന്റെ പദ്ധതിയായ പോൾ ബ്ലഡും കേരള സ്റ്റേറ്റ് ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലും സംയുക്തമായി സംഘടിപ്പിക്കുന്ന പരിപാടിയായ ഹീമോപോൾ-2025 ന്റെ സംസ്ഥാനതല ഉദ്ഘാടനം നാളെ (ജൂലൈ 30 ) നടക്കും.

നാളെ രാവിലെ 09.00 മണിക്ക് തിരുവനന്തപുരത്ത് തൈക്കാട്, പോലീസ് ട്രെയിനിംഗ് കോളേജിൽ വെച്ച് നടക്കുന്ന ചടങ്ങിൽ ആംഡ് പോലീസ് ബറ്റാലിയൻ എ.ഡി.ജി.പിയും പോൾ ബ്ലഡ് പദ്ധതിയുടെ ചെയർമാനുമായ എം.ആർ.അജിത് കുമാർ പരിപാടി ഉദ്ഘാടനം ചെയ്യും.

സന്നദ്ധ രക്തദാന രംഗത്തുള്ള വിവിധ സർക്കാർ, സർക്കാരിതര സംഘടനകളെ ഒന്നിച്ചുകൊണ്ടുവരുന്നതിനും ആശയങ്ങൾ പങ്കുവയ്ക്കുന്നതിനും ഈ രംഗത്ത് മികച്ച സംഭാവനകൾ നൽകുന്നവരെ ആദരിക്കാനുമാണ് ഹീമോപോൾ-2025 സംഘടിപ്പിക്കുന്നത്.

സ്പെഷ്യൽ ആംഡ് പോലീസ് ബറ്റാലിയൻ കമാണ്ടന്റും പോൾ ബ്ലഡ് പദ്ധതിയുടെ കൺട്രോളിംഗ് ഓഫീസറുമായ ഷെഹൻഷാ കെ.എസ്, കേരള സ്റ്റേറ്റ് ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസി ൽ പ്രോജക്റ്റ് ഡയറക്ടർ ഡോ.കെ സകീന, ബ്ലഡ് ട്രാൻസ്ഫ്യൂഷൻ സർവ്വീസ് സ്റ്റേറ്റ് നോഡൽ ഓഫീസർ ഡോ. ഷൈജി പി.എസ്, കേരള സ്റ്റേറ്റ് ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിൽ അസിസ്റ്റന്റ്ഡയറക്ടർമാരായ സിനു കടകമ്പള്ളി, അനീഷ് പി, പോൾ ബ്ലഡ് സ്റ്റേറ്റ് കൺട്രോൾ റൂം ചാർജ് ഓഫീസർ വാസുദേവ് എസ്.എസ്, പോൾ ബ്ലഡ് പദ്ധതിയുമായി സഹകരിച്ചു പ്രവർത്തിക്കുന്ന വിവിധ മേഖലകളിൽ നിന്നുള്ള പ്രതിനിധികൾ, പോലീസ് ഉദ്യോഗസ്ഥർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും.

രാവിലെ 09.30 മുതൽ വിവിധ മേഖലകളിൽ നിന്നുള്ള പ്രഗത്ഭർ നയിക്കുന്ന സന്നദ്ധ രക്തദാനവുമായി ബന്ധപ്പെട്ട സംവാദങ്ങൾ നടക്കും.

സ്പെഷ്യൽ ആംഡ് പോലീസ് ബറ്റാലിയൻ കമാണ്ടൻ്റും പോൾ ബ്ലഡ് പദ്ധതിയുടെ കൺട്രോളിംഗ് ഓഫീസറുമായ ഷെഹൻഷാ കെ.എസ്, കേരള സ്റ്റേറ്റ് ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിൽ അസിസ്റ്റൻ്റ് ഡയറക്ടർ സിനു കടകമ്പള്ളി, ബ്ലഡ് ട്രാൻസ്ഫ്യൂഷൻ സർവ്വീസ് സ്റ്റേറ്റ് നോഡൽ ഓഫീസർ ഡോ. ഷൈജി പി.എസ് എന്നിവർ സംവാദങ്ങളിൽ പങ്കെടുക്കും.

കേരള പോലീസിൻ്റെ പോൾ ബ്ലഡ് പദ്ധതിയുമായി സഹകരിച്ചു പ്രവർത്തിക്കുന്ന നാഷണൽ സർവ്വീസ് സ്കീം, യു.എസ്.റ്റി ലൈഫ്‌ലൈൻ, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ, ഇൻഫോസിസ്, രുധിരസേന, സിനിബ്ലഡ് തുടങ്ങിയ സന്നദ്ധസംഘടനകളിൽ നിന്നുള്ള പ്രതിനിധികൾ രക്തദാനവുമായി ബന്ധപ്പെട്ട തങ്ങളുടെ അനുഭവങ്ങൾ പങ്കുവെയ്ക്കും.

വൈകുന്നേരം 03.00 മണിക്ക് നടക്കുന്ന സമാപനചടങ്ങ് സംസ്ഥാന പോലീസ് മേധാവി റവാഡ എ ചന്ദ്ര ശേഖർ ഉദ്ഘാടനം ചെയ്യും. തുടർന്ന് ഹീമോപോൾ-2025 സെമിനാറിൽ പങ്കെടുത്ത് വിവിധ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ചവർക്ക് അദ്ദേഹം സമ്മാനങ്ങൾ വിതരണം ചെയ്യും.

സമാപനചടങ്ങിൽ ആംഡ് പോലീസ് ബറ്റാലിയൻ എ.ഡി.ജി.പിയും പോൾ ബ്ലഡ് പദ്ധതിയുടെ ചെയർമാനുമായ എം.ആർ.അജിത് കുമാർ, പോലീസ് ആസ്ഥാനത്തെ എ.ഡി.ജി.പി എസ്.ശ്രീജിത്ത്, സ്പെഷ്യൽ ആംഡ് പോലീസ് ബറ്റാലിയൻ കമാണ്ടൻ്റും പോൾ ബ്ലഡ് പദ്ധതിയുടെ കൺട്രോളിംഗ് ഓഫീസറുമായ ഷെഹൻഷാ കെ.എസ്, ദേശീയ ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിൽ ഡയറക്ടർ ഡോ.കൃഷൻ കുമാർ വിവിധ സന്നദ്ധസംഘടനാ പ്രതിനിധികൾ, പോലീസ് ഉദ്യോഗസ്ഥർ എന്നിവർ സംബന്ധിക്കും.

*************************